# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 66 — 12.12.2012 ൽ മറുപടിക്ക്

## ജില്ലകളിൽ സൗജന്യ ഡയാലിസിസ് കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി സതീശൻ<br>ശ്രീ. റ്റി.എൻ പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ.പി.സി വിഷ്ണുനാഥ് | ശ്രീ. വി എസ് ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ ജില്ലകളിലും സൗജന്യ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിലും സൗജന്യ ഡയാലിസിസ് നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ജീവൻ രക്ഷിക്കുന്നതിനുള്ള അക്യൂട്ട് ഡയാലിസിസ് ആവശ്യാനുസരണം നടത്തിവരുന്നുണ്ട്. എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം ഓരോ ജില്ലയിലെയും മേജർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാർ 210 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ജില്ലാ ആശുപത്രികളോട് ചേർന്ന് ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജനറൽ ഹോസ്പിറ്റൽ പത്തനംതിട്ട, താലൂക്ക് ആശുപത്രി തൊടുപുഴ, ജില്ലാ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്ക വാൻ 5 കോടി രൂപ അനവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ പാലക്കാട്, കോട്ടയം, കോഴഞ്ചേരി എന്നീ ജില്ലാ ആശുപത്രികളിലും ആലുവ താലൂക്ക് ആശുപത്രിയിലും തിരുവനന്തപുരം, എറണാകുളം എന്നീ ജനറൽ ആശുപത്രികളിലും ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. |

| | |
|---|---|
| (ബി) ഈ കേന്ദ്രങ്ങൾ വഴി എന്തെല്ലാം സൗകര്യങ്ങളാണ് രോഗികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) മെയിന്റനൻസ് ഡയാലിസിസ് ആവശ്യമായി വരുന്ന മുഴുവൻ രോഗികൾക്കും ആ സേവനം നൽകുവാൻ ഇപ്പോഴുള്ള സൗകര്യം അപര്യാപ്തമാണ്. ആയതിനാൽ, മെഡിക്കൽ കോളേജുകളിലും അതുപോലുള്ള സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിലും തുടങ്ങിവയ്ക്കുന്ന ഡയാലിസിസിന് വേണ്ട രോഗികളുടെ മെയിന്റനൻസ് ഡയാലിസിസ് ആണ് ജില്ലാ ആശുപത്രികളോട് ചേർന്ന് ആരംഭിക്കുന്ന ഡയാലിസിസ് കേന്ദ്രങ്ങൾ വഴി നടത്തിവരുന്നത്. കൂടാതെ, കാരുണ്യ ബെനവലന്റ് സ്കീം കമ്മ്യൂണിറ്റി ഡയാലിസിസ് സെന്റർ തിരുവനന്തപുരത്തും കോഴിക്കോടുമുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലെ നെഫ്രോളജി വിഭാഗത്തിന്റെ ഭാഗമായി ലഭ്യമാണ്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) സംസ്ഥാനസർക്കാരിൽനിന്നും എൻ.ആർ.എച്ച്.എം -ൽ നിന്നുമുള്ള സഹായങ്ങൾ കൂടാതെ പാർലമെന്റംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ചില സന്നദ്ധ സംഘടനകളിൽ നിന്നുമുള്ള സഹായവും ഈ പദ്ധതിക്ക് ലഭിക്കുന്നുണ്ട്. സത്യസായി ഓർഫനേജ്, പവർ വിഷൻ എന്നീ സന്നദ്ധ സംഘടനകളാണ് ഇപ്പോൾ ഈ പദ്ധതിക്ക് സഹായം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ